## നെഹ്റു ട്രോഫി; വള്ളങ്ങളുടെ ബോണസ് നിശ്ചയിച്ചു

# ഫൈനലിൽ എത്തുന്ന ചുണ്ടൻ വള്ളങ്ങൾക്ക് അഞ്ചുലക്ഷം രൂപ

അറുപത്തിനാലാമത് നെഹ്റു ട്രോഫി ജലോത്സവത്തോടനുബന്ധിച്ച് വിവിധവി ഭാഗങ്ങളിലുള്ള വള്ളങ്ങൾക്ക് നൽകുന്ന ബോണസ് തുകയ്ക്ക് കളക്ട്രേറ്റിൽ നടന്ന നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി ജനറൽ ബോഡി യോഗം അംഗീകാരം നൽകി. ജില്ലാ കളക്ടർ ആർ. ഗിരിജ ആധ്യക്ഷ്യം വഹിച്ചു.

ഫൈനലിൽ എത്തുന്ന നാലുചുണ്ടൻ വള്ളങ്ങൾക്ക് അഞ്ചുലക്ഷം രൂപ വീതം ബോണസ് ലഭിക്കും. ലൂസേഴ്സ് ഫൈനലിൽ നാലു വള്ളങ്ങൾക്ക് നാലുലക്ഷം രൂപവീതം ലഭിക്കും. രണ്ടാം ലൂസേഴ്സ് ഫൈനലിലെത്തുന്ന നാലുപേർക്ക് മൂന്നുലക്ഷം വീതവും മൂന്നാം ലൂസേഴ്സ് ഫൈനലിലെത്തുന്ന നാലുപേർക്ക് രണ്ടുലക്ഷം വീതവും ലഭിക്കും. നാലാം ലൂസേഴ്സ് ഫൈനലിലെത്തുന്ന നാലുപേർക്ക് രണ്ടുലക്ഷം രൂപ വീതവും പ്രദർശന മത്സരത്തിൽ പങ്കെടുക്കുന്ന അഞ്ചു ചുണ്ടൻ വള്ളങ്ങൾക്ക് 1,20,000 രൂപ വീതവും ലഭിക്കും.

വെപ്പ് എ ഗ്രേഡ് വിഭാഗത്തിലുള്ള എട്ടു വള്ളങ്ങൾക്ക് 1,10,000 രൂപ വീതവും വെപ്പ് ഗ്രേഡ് ബി വിഭാഗത്തിലുള്ള നാലു വള്ളങ്ങൾക്ക് 80,000 രൂപ വീതവും ബോണസ് ലഭിക്കും.

ഇരുട്ടുകുത്തി എ ഗ്രേഡ് വിഭാഗത്തിലുള്ള അഞ്ചു വള്ളങ്ങൾക്ക് 1,10,000 രൂപ വീതവും ഇരുട്ടുകുത്തി ഗ്രേഡ് ബി ഗ്രേഡ് വിഭാഗത്തിലുള്ള 16 വള്ളങ്ങൾക്ക് 80,000 രൂപവീതവും ലഭിക്കും. മൂന്നു ചുരുളൻ വള്ളങ്ങൾക്ക് 65,000 രൂപ വീതം ലഭിക്കും. തെക്കനോടി വനിതാ വിഭാഗത്തിലുള്ള അഞ്ചുവള്ളങ്ങൾക്ക് 70,000 രൂപ വീതവും ലഭിക്കും. ആകെ 1,05,75,000 രൂപയാണ് ബോണസ് തുകയായി നൽകുക.

നെഹ്റു ട്രോഫി ജലമേളയുടെ തത്സമയ ദൃശ്യങ്ങൾ ഇരുകരകളിലുമുള്ളവർക്ക് ദൃശ്യമാകത്തക്ക വിധം വലിയ എൽ.ഇ.ഡി. സ്ഥാപിക്കും. ഇതുവഴി സ്റ്റാർട്ടിങ്ങും മറ്റും വീഡിയോയിലൂടെ കാണാനാവും. കൂടാതെ ഇത്തവണ ആദ്യമായി വിധി നിർണയത്തിന് സഹായകരമായ രീതിയിൽ ഡിജിറ്റൽ ടൈമർ സ്ഥാപിക്കും. നാലുട്രാക്കുകൾക്കുള്ള നാലു ജഡ്ജസിന് മുന്നിലാണ് ഡിജിറ്റൽ ടൈമർ സ്ഥാപിക്കുക. ഇത് സ്റ്റാർട്ടിങ് ആരംഭിക്കുന്നതുമുതൽ പ്രവർത്തിച്ചുതുടങ്ങും. ഫിനിഷ് ചെയ്യുന്നതോടെ ഓരോ ജഡ്ജിനും ഒറ്റ ബട്ടൺ അമർത്തി പ്രവർത്തനം നിർത്താം. കുറേക്കൂടി കൃത്യതയോടെ ഫിനിഷിങ് സമയം നിർണയിക്കാൻ കഴിയും എന്നതാണ് ഇതിന്റെ പ്രയോജനം. നിലവിൽ സ്റ്റോപ്പ് വാച്ച് ഉപയോഗിച്ചുള്ള ഫിനിഷിങ് രേഖപ്പെടുത്തലും തുടരും. പുതിയ രീതി ഇപ്രാവശ്യം ഉപയോഗിക്കാൻ ജനറൽ ബോഡി യോഗം അംഗീകാരം നൽകി.

മത്സരത്തിൽ പങ്കെടുക്കുന്ന കായികതാരങ്ങളെ ശാരീരികമായി ഉപദ്രവിക്കുന്നവർക്കെതിരെ വധശ്രമത്തിന് കേസെടുക്കാൻ ജനറൽ ബോഡിയിൽ നിർദ്ദേശം ഉയർന്നു. ഇതുസംബന്ധിച്ച് ജില്ലാ പൊലീസ് മേധാവിക്ക് കത്ത് നൽകുമെന്ന് കളക്ടർ അറിയിച്ചു. നഗരസഭാ ചെയർമാൻ തോമസ് ജോസഫ്, മുൻ എം.എൽ.എ.മാരായ സി.കെ. സദാശിവൻ, കെ.കെ. ഷാജു, എൻ.ടി.ബി.ആർ. സെക്രട്ടറിയും ആർ.ഡി.ഒ.യുമായ എസ്. മുരളീധരൻപിള്ള, ഇൻഫ്രാസ്ട്രെക്ചർ കമ്മിറ്റി കൺവീനറും എക്സിക്യൂട്ടീവ് എൻജിനീയറുമായ ആർ. രേഖ, ഡെപ്യൂട്ടി കളക്ടർ എ. സുബൈർകുട്ടി തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു.

(പി.എൻ.എ. 1428/16)